പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 807 | 02.12.2015- ൽ മറുപടി നല്കുന്നത്. |
|---|---|

**<u>പച്ചക്കറികളിലെ കീടനാശിനികളുടെ സാന്നിദ്ധ്യം</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.വി.വിജയദാസ്** | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് എത്തിച്ചേരുന്ന പച്ചക്കറികളിലെ കീടനാശിനികളുടെ സാന്നിദ്ധ്യം പരിശോധിക്കുന്നതിന് എന്തെല്ലാം ഫലപ്രദമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്; | എ) | ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് എത്തിച്ചേരുന്ന പച്ചക്കറികളിലെ കീടനാശിനികളുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിന് ചെക്ക് പോസ്റ്റുകളിൽ നിന്നും സംസ്ഥാനത്തെ വിപണികളിൽ നിന്നും പച്ചക്കറികളുടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള തിരുവനന്തപുരം,എറണാകുളം,കോഴിക്കോട് എന്നീ ജില്ലകളിലുള്ള അനലറ്റിക്കൽ ലാബുകളിലും കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിലേക്കും അയച്ച് കീടനാശിനിയുടെ സാന്നിദ്ധ്യവും അളവും പരിശോധിക്കാറുണ്ട്. |
| ബി) | എന്തെല്ലാം കേന്ദ്രങ്ങളിലാണ് ഇപ്പോൾ പരിശോധന നടത്തുന്നത് ; ആയതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; ഇപ്രകാരം പരിശോധന നടത്തി ലഭിച്ച വിവരങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ട് ലഭ്യമാക്കാമോ ; | ബി) | ചെക്ക് പോസ്റ്റുകൾ, മൊത്ത ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, തുടങ്ങിയ സ്ഥലങ്ങളിൽ പരിശോധന നടത്തി സാമ്പിളുകൾ ശേഖരിക്കാറുണ്ട്.ഈ സ്ഥലങ്ങളിൽ പരിശോധന നടത്തുന്നതിനായി സ്പെഷ്യൽ സ്ക്വാഡുകളെയും നിയമിക്കാറുണ്ട്. ഇത്തരത്തിൽ 82 പച്ചക്കറി സാമ്പിളും 108 പഴവർഗ്ഗങ്ങളും പരിശോധിച്ചതിൽ ഒരു സാമ്പിളിലും അനുവദനീയമായ അളവിൽ കൂടുതൽ കീടനാശിനി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. |
| സി) | ഇപ്രകാരം മാരക കീടനാശിനി തളിച്ച് കൊണ്ടു വരുന്ന പച്ചക്കറികൾ പിടിച്ചെടുത്താൽ നിലവിൽ എന്തെല്ലാം ശിക്ഷാ നടപടികളാണ് സ്വീകരിച്ചു വരുന്നത്; ഇത്തരത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് വിശദവിവരം ലഭ്യമാക്കാമോ; | | ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന അളവിൽ കൂടുതൽ കീടനാശിനി പരിശോധന വേളയിൽ കണ്ടെത്തിയാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമത്തിലും അനുബന്ധചട്ടങ്ങളിലും അനുശാസിക്കും പ്രകാരമുള്ള നടപടി സ്വീകരിക്കുവാൻ കഴിയുന്നതാണ്. പച്ചക്കറികളിൽ മാരക കീടനാശിനി തളിച്ചത് സംബന്ധിച്ച് കേസ്സുകളൊന്നും തന്നെ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ